LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം ജില്ല: കോട്ടയം ജില്ലയിൽ 19-7-2021-നാണ് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇ-മെയിലായും നേരിട്ടും ജില്ലാവ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് യോഗത്തിൽ പൂർണ്ണ പരിഹാരമുണ്ടായി. കൂടാതെ മീറ്റിംഗിൽ തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികളൊഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതത് വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സൗരോർജ്ജ ഉപയോഗം വ്യപകമാക്കുവാൻ നടപടി

22 (*322) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ ഉപയോഗം വ്യപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ - ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25

LIBRARY ARCHIVES Kerala Legislative Assembly

മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദിശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.-യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശുഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇത് കൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്ക്കരണത്തിനായി എം.എൻ.ആർ.ഇ.-യിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളെ ഫീഡർ തലത്തിൽ സൗരോർജ്ജവത്ക്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. PM-KUSUM പദ്ധതിയിലുൾപ്പെടുത്തി നിലവിലെ കാർഷിക കണക്ഷനുള്ള പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതി വിപുലീകരിക്കുന്നതിനും, ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും അനെർട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ നടപ്പിലാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചു വരുന്നു. ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ സൗരോർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സായ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ

സേവനം ഉറപ്പുവരുത്തുന്നതിനും ഉണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുള്ള അക്ഷയ ഊർജ്ജ സേവന കേന്ദ്രമായ ഊർജ്ജമിത്രയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.

(ബി) സൗരോർജ്ജ പാനലുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സൗരനിലയം സ്ഥാപിക്കുന്നതിന് സബ്സിഡി നൽകി വരുന്നുണ്ട്. ഈ പദ്ധതിയിൽ (സൗര Phase II) ഇത് വരെ 21000 ഉപഭോക്താക്കൾ (71 മെഗാവാട്ട്) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 100 നിലയങ്ങൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇതുകൂടാതെ പദ്ധതി ത്വരിതഗതിയിലാക്കാൻ പുതുതായി 7 ഡെവലപ്പർമാരെകൂടി പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. 1 മുതൽ 3 KW ശേഷി വരെയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW വരെയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40% സബ്സിഡിയും തുടർന്ന് 20% സബ്സിഡിയും എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിലാണ് സബ്സിഡി തീരുമാനിക്കുന്നത്. എങ്കിലും ഉപഭോക്താവിന്റെ സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനായി നിലയത്തിന്റെ വിലയുടെ 12 മുതൽ 25 ശതമാനം വരെ മാത്രം ഉപഭോക്താവ് ചെലവിടുന്ന കേരള മോഡൽ (Model 1) നിലവിലുണ്ട്. രണ്ട്, മൂന്ന് കിലോവാട്ട് നിലയങ്ങൾ കേരള മോഡൽ പ്രകാരം സ്ഥാപിക്കാവുന്നതാണ്. മുതൽമുടക്കിന്റെ തോതനുസരിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 25% മുതൽ 50% വരെ വിഹിതം ലഭിക്കും.

ക്ഷേമപെൻഷൻ വിതരണം

23 (*323) ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനസ്രോതസ്സുകളെ കോവിഡ് വ്യാപനം ദുർബലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും ക്ഷേമപെൻഷനുകൾ എല്ലാം ഓണത്തിന് മുൻപായി നൽകാൻ നടപടിയെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly